ഭാഗങ്ങളിലാണ് കൂടുതൽ പ്രചരണം നടത്തുന്നത്. ഇവർക്ക് പ്രചരണം നടത്തുന്നതിനുള്ള പിൻബലം എവിടെനിന്നൊക്കെയാണെന്നുള്ളത് ഗവൺമെൻറ് അന്വേഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ വിവരം വെളിപ്പെടുത്താമോ?

ശ്രീ. കെ. കരുണാകരൻ: ഏതെല്ലാം ഏരിയായിൽ ആണെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. അന്വേഷിക്കുന്നുണ്ട്. വിദേശസഹായം ഉണ്ടെന്നുള്ളതിന് പ്രകടമായ തെളിവാണ് ഈ ഇയർബുക്ക്. ഇത് അപ്പടിച്ചതുതന്നെ വിദേശരാജ്യത്താണ്.

ശ്രീ. സി.കെ. ചക്രപാണി: രാജ്യദ്രോഹപരമാണെന്നും, വിഘടനവാദപരമാണെന്നും തോന്നിയാൽ നടപടിയെടുക്കുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഇതിൻറെ പിന്നിൽ destabilisation of India ആണ് ലക്ഷ്യം. അതു തോന്നാനായിട്ട് നേരം വൈകിക്കഴിഞ്ഞാൽ പലതും സംഭവിക്കും. അത് ഒഴിവാക്കുന്നതിനുവേണ്ടി ഫലപ്രദമായ നടപടി വളരെ സൂക്ഷ്മതയോടുകൂടി എടുക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: സന്ദർഭത്തിന്, ശക്തമായ നടപടി സ്വീകരിച്ച രാഷ്ട്രം എന്ന നിലയിൽ ഇൻഡ്യ ഇന്നും ശക്തമായി നിൽക്കുന്നു എന്നുള്ളതുതന്നെ സന്ദർഭോചിതമായ നടപടി ഉണ്ടെന്നുള്ളതിന് ഞെളിവാണ്.

(പ്രോദ്യോത്തര സമയം കഴിഞ്ഞു)

II. ശ്രദ്ധ ക്ഷണിക്കൽ

(1) നാദാപുരം നിയോജകമണ്ഡലത്തിലെ വളയം—കുറുവന്തേരി റോഡിൻറെ ശോചനീയാവസ്ഥ

ശ്രീ. കെ.ടി. കുണാരൻ: സർ, എൻറെ നിയോജകമണ്ഡലത്തിലുള്ള രണ്ടു പഞ്ചായത്തിലെ മുപ്പതിനായിരത്തിൽപരം വരുന്ന ജനങ്ങളുടെ ദൈനംദിന ആവശ്യത്തിനുള്ള ഗതാഗതപ്രശ്നത്തിൽ നേരിടുന്ന ഗുരുതരമായ പ്രയാസങ്ങളെ ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാനാഗ്രഹിക്കുന്നത്.

വളയം—ചെട്ടിക്കാട് പഞ്ചായത്തിലെ ജനങ്ങൾക്ക്, മറ്റു പ്രദേശങ്ങളുമായി ബന്ധപ്പെടുന്നതിനുള്ള അവരുടെ ദൈനംദിന യാത്രാസൗകര്യത്തിനുവേണ്ടിയും, നാദാപുരം, വടകര, തലശ്ശേരി, കോഴിക്കോട് മുതലായ പട്ടണങ്ങളിലെ മാർക്കറ്റുകളിൽ അവരുടെ കാർഷികോല്പന്നങ്ങൾ കൊണ്ടുപോകുന്നതിനും കഴിഞ്ഞ പത്തുപന്ത്രണ്ടു കൊല്ലമായി ഉപയോഗിക്കുന്ന ഒരു റോഡാണ് വളയം—കുറുവന്തേരി റോഡ്. ഈ റോഡ് നാട്ടുകാരുടെ ശ്രമഫലമായി ബസ് ഗതാഗതയോഗ്യമാക്കിത്തീർക്കുന്നതിന് 1980—81—ൽ ബഡ്ജറിൽ തുക ഉൾപ്പെടുത്തുകയും 18 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. എന്നാൽ കഴിഞ്ഞ മൂന്നര വർഷക്കാലമായി ആ എസ്റ്റിമേറ്റും പ്ലാനും ഈ സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുകയാണ്. ഈ റോഡ് ഏറ്റെടുക്കണമെന്ന് നിരവധി പ്രാവശ്യം ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിക്ക് അറിയാവുന്ന അദ്ദേഹത്തിൻറെ പാർട്ടിയിൽപ്പെട്ട പഞ്ചായത്തു

LIBRARY ARCHIVES Kerala Legislative Assembly

പ്രസിഡൻറൻമാരും കൂടി ശ്രദ്ധയിൽപ്പെടുത്തുകയും ആവശ്യമായ കാര്യങ്ങൾ ചെയ്യാമെന്ന് അങ്ങ് വാഗ്ദാനം ചെയ്തതുമാണ്. കഴിഞ്ഞ കാലവർഷക്കെടുതിയുടെ ഫലമായി ഈ റോഡ് പൂർണ്ണമായ അർത്ഥത്തിൽ ഗതാഗതയോഗ്യമല്ലാതായിത്തീർന്നു. നാലഞ്ചു ബസ്സുകൾ ആ റൂട്ടിൽ ഓടിക്കൊണ്ടിരുന്നത് ഇന്ന് നിശ്ചലമായിരിക്കുകയാണ്. അത്രയും ഗുരുതരമായ സ്ഥിതിയിലായിത്തീർന്നിരിക്കുന്ന ഈ റോഡിന് ഗവൺമെൻറ് അംഗീകരിച്ചിട്ടുള്ള എസ്റ്റിമേറും പ്ലാനും അനുവദിച്ചു നൽകി അടിയന്തിരമായി ഈ റോഡ് ഗതാഗതയോഗ്യമാക്കിത്തീർക്കണം. രണ്ടു പഞ്ചായത്തിലെ മുപ്പതിനായിരത്തിൽപരം വരുന്ന ജനങ്ങളുടെ ദൈനംദിന യാത്രാസൗകര്യത്തിനുള്ള ഏകമാർഗ്ഗമായ വളയം—കുറുവന്തേരി റോഡിൻെറ വർക്ക് അടിയന്തിരമായി ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, വളയം—കുറുവന്തേരി റോഡ് 1983—ൽ മാത്രം ഗവൺമെൻറ് ഏറ്റെടുത്ത റോഡാണ്. 1984—85—ൽതന്നെ പരിഷ്ക്കരണ ജോലികൾ നിർവ്വഹിച്ചിരുന്നു. അതിൻെറ അടിസ്ഥാനത്തിൽ ഈ റോഡ് ഗതാഗതയോഗ്യമാക്കിത്തീർക്കുകയുണ്ടായി. കഴിഞ്ഞ വെള്ളപ്പൊക്കത്തിൻെറ ഫലമായി ധാരാളം റോഡുകൾ കേടുപറ്റിയതിൻെറ കൂട്ടത്തിൽ ഈ റോഡും കേടുപറ്റിയിട്ടുണ്ട്. രണ്ടാമതും അതിൻെറ പരിഷ്ക്കരണ ജോലികൾ നടത്താനുള്ള നടപടികൾ ആലോചിക്കുകയാണ്. സമൂലമായ പരിഷ്ക്കരണം നടത്താൻ 18—20 ലക്ഷത്തോളം രൂപ വേണം. എന്നാൽ ബഡ്ജറ്റിൽ കാര്യമായ സംഖ്യ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതുകൊണ്ട് സമൂലമായ പരിഷ്ക്കരണം ഇപ്പോൾ നടത്താൻ നിർവ്വാഹമില്ല. ആവശ്യമായ അടിയന്തിര പരിഷ്ക്കരണം നടത്താൻ ഗവൺമെൻറ് നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. കെ.ടി. കുണാരൻ: അവിടത്തെ പഞ്ചായത്തു പ്രസിഡൻറും ഞാനും നടത്തിയ നിവേദനത്തിൻെറ അടിസ്ഥാനത്തിൽ ഒരു പ്രത്യേക പരിഗണനയെന്നുള്ള നിലയിൽ ഈ റോഡിന് സാംഗ്ഷൻ നൽകാമെന്ന് പറഞ്ഞതുകൊണ്ട് ഈ കാര്യം പ്രത്യേക പരിഗണനക്കു വിധേയമാക്കാൻ നിർദ്ദേശം നൽകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: 'നൽകാമെന്ന്' എം.എൽ.എ. മാരോ എൻെറ പാർട്ടിക്കാരോ വന്നാൽ ഞാൻ സമ്മതിക്കാറില്ല. കഴിവതും പരിഗണിക്കാമെന്നു പറയും. സാമ്പത്തിക പരിമിതിയ്ക്കകത്തു നിന്നു കൊണ്ട് കഴിവതെല്ലാം ചെയ്യും. അങ്ങനെയാണ് പതിവ്.

(2) അങ്കമാലി നിയോജകമണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ.

ശ്രീ. എം.വി. മാണി: സർ, അങ്കമാലി നിയോജകമണ്ഡലത്തിലെ നാലു പഞ്ചായത്തിലും ഒരു മുനിസിപ്പാലിറ്റിയിലും വാട്ടർ സപ്ലൈ സ്കീമുകൾ ത്വരിതഗതിയിൽ പൂർത്തീകരിക്കേണ്ട ആവശ്യകതയിലേക്കാണ് ഞാൻ ഒരു ശ്രദ്ധക്ഷണിക്കൽ കൊടുത്തിട്ടുള്ളത്. അങ്കമാലി മുനിസിപ്പാലിറ്റിയിൽ വാട്ടർസപ്ലൈ സ്കീം മൂന്നു വർഷമായി തുടങ്ങിയിട്ട്. അതിൻെറ പമ്പുഹൗസ് കാലടിയിൽ പൂർത്തിയായി. അതിൻെറ ഓവർ ഹെഡ് ടാങ്ക് പൂർത്തിയായിക്കഴിഞ്ഞിട്ട്

LIBRARY ARCHIVES Kerala Legislative Assembly